ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ സ്വീകരിച്ച സമീപനം ജനങ്ങളോടുള്ള അങ്ങേയറ്റം നിഷേധാത്മകമായ ഒരു നിലപാടാണ്. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഇ. എം. അഗസ്തിയുടെ ഒരു കാളിംഗ് അറ്റൻഷൻ 28.3 തീയതി അദ്ദേഹം പറഞ്ഞിരുന്നു. പക്ഷേ മറുപടി നൽകിയിട്ടുണ്ടായിരുന്നില്ല.

III. [ശദ്ധക്ഷണിക്കൽ

(1) പീരുമേട് മണ്ഡലത്തിലെ തോട്ടം തൊഴിലാളികളും അനുവേക്കുന്ന ബുദ്ധിമുട്ടുകളും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, നാണ്യവിളകളുടെ കയറുമതി പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികളും പ്രയോജനപ്പെടുത്തണം, കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പാക്കേജ് പ്രയോജനപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കാളിംഗ് അറ്റൻഷൻ ശ്രീ. ഇ.എം. അഗസ്തി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇപ്പോഴത്തെന്നെ മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷി വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും കമോഡിറ്റീസ് ബോർഡിലെ ഉന്നത ഉദ്യോഗസ്ഥൻമാർ അംഗങ്ങളായും കാർഷിക വ്യാപാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14-1-2004-ൽ ഒരു ഉന്നതതല സ്റ്റാൻറിംഗ് കമ്മിറ്റി, ഓൺ അഗ്രികൾച്ചർ ട്രേഡ് എന്ന പേരിൽ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാനും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിലയിൽ നമ്മുടെ കാർഷിക വിളകൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനു കയറുമതി സാധ്യമായ നാണ്യവിളകളുടെ കാര്യത്തിലൊക്കെ കയറുമതി പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള ഒരു സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അത് മെമ്പർ പറഞ്ഞത് ഗവൺമെന്റ് അംഗീകരിക്കുന്നു. അതിന് ആവശ്യമായിട്ടുള്ള നടപടികളും, ഫലപ്രദമായ നടപടികളും നമ്മുടെ കാർഷിക മേഖലയ്ക്ക് ആത്മവിശ്വാസം ഉണ്ടാകണമെങ്കിൽ കൃഷിക്കാർക്ക് അവരുടെ വിളകൾക്ക് ന്യായമായ വില ലഭിക്കണം. അത് പലപ്പോഴും വില ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. വാല്യു അഡീഷനോടുകൂടി ആയാലും ശരി നേരിട്ടുള്ളതാണെങ്കിലും ശരി കയറുമതി ഒരു പ്രധാനപ്പെട്ട ഘടകമാണ്. അത് പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും എന്നു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി: സർ, എനിക്കൊരു ചോദ്യം ഉണ്ട്, കേന്ദ്ര ഗവൺമെന്റ് കയറുമതിയെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ചതിൽ തേയിലയും അതുപോലെതന്നെ കുരുമുളകും ഉൾപ്പെടുകയാണ്. പക്ഷേ ആ പാക്കേജിലെ വിശദാംശങ്ങളും ഇതുവരെ വ്യക്തമായിട്ടില്ല. നമ്മുടെ സംസ്ഥാന ഗവൺമെന്റ് മാർക്കറ്റിംഗ് ഫെഡറേഷൻ വഴി ആഭ്യന്തര വിപണിയിൽ നിന്ന് കുരുമുളക് സംഭരിക്കുന്നതിന്, 75 രൂപയ്ക്ക് കുരുമുളക് സംഭരിക്കുകയുണ്ടായി. ആ സംഭരിച്ച കുരുമുളക് ഇപ്പോൾ മാർക്കറ്റിംഗ് ഫെഡറേഷൻ കൈവശം വച്ചിരിക്കുകയാണ്. അത് ആഭ്യന്തര വിപണിയിൽത്തന്നെ വിൽക്കുന്നതിനുള്ള സാധ്യതയുണ്ടെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കാൻ കഴിയുന്നത്. ഇങ്ങനെ ആഭ്യന്തര വിപണിയിൽ വിറ്റാൽ മാർക്കറ്റിംഗ് ഫെഡറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ എത്തുകയും മുന്നോട്ടു പോകാൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ടാവുകയും ചെയ്യും; ഇപ്പോഴുള്ള വില തന്നെ കൃഷിക്കാർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ടാകും; അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജിന്റെ വിശദാംശങ്ങൾ രൂപപ്പെടുന്നതുവരെ മാർക്കറ്റിംഗ് ഫെഡറേഷൻ വഴി സംഭരിച്ച കുരുമുളക് ആഭ്യന്തര വിപണിയിൽ വിറ്റഴിക്കില്ല എന്ന തീരുമാനം ബഹുമാനപ്പെട്ട ഗവൺമെന്റ് കൈക്കൊള്ളുമോ എന്നു വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: സർ, മാർക്കറ്റിംഗ് ഫെഡറേഷൻ സംഭരിച്ചിട്ടുള്ള കുരുമുളക് ഒരു കാരണവശാലും ആഭ്യന്തര മാർക്കറ്റിൽ വിൽക്കരുത് എന്നു വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് വീണ്ടും കൊടുക്കാം. ഇതിന്റെ കയറ്റുമതിക്കുള്ള സാധ്യത ഇന്നു പരിശോധിച്ചുവരികയാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നു ഒരു കിലോഗ്രാമിന് 22 രൂപ ഇൻസെന്റീവായി കയറ്റുമതിക്ക് ഒരു പ്രോത്സാഹനം നൽകുന്ന സ്കീം അതിന്റെ അവസാന ഘട്ടത്തിലാണ്. ആ സ്കീമിന് അംഗീകാരം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. എങ്കിൽ ആ സ്കീമിന്റെ പ്രയോജനംകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കുരുമുളക് കയറ്റുമതിക്കായിരിക്കും ശ്രമിക്കുന്നത് എന്നു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(2) സംസ്ഥാനത്ത് പടർന്നു പിടിച്ചിട്ടുള്ള വൈറൽ പനി

ശ്രീ. ബിനോയ് വിശ്വം: സർ, ഈ നോട്ടീസ് തന്നത് കഴിഞ്ഞമാസം 11-ാം തീയതിയാണ് സംസ്ഥാനത്താകെ അന്ന് വൈറൽ പനി പടർന്നു പിടിച്ചിട്ട് ആ ദിവസങ്ങളിൽ ഒരു ലക്ഷം പേർ വിവിധ ആശുപത്രികളിലേക്ക് പോയിക്കൊണ്ടിരിക്കുകയായിരുന്നു. ഇന്നിപ്പോൾ ചർച്ച ചെയ്യുന്ന ഈ ദിവസം അവരുടെ സംഖ്യ 3 ലക്ഷമായി എന്നാണ് ഏകദേശ വിവരം. അത് മിക്കവാറും ശരിയായിരിക്കും. അന്നില്ലാത്ത ഈ പേമാരിയും അയോർട്ടിക്യാമ്പുകളും പ്രശ്നങ്ങളും എല്ലാം കൂമിഞ്ഞു കൂടിയപ്പോൾ വൈറൽ പനിയും പടർന്നു പിടിക്കുകയാണ്. ജൂലായ് മാസം തന്നെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി 15 ഓളം ആളുകൾ മരിച്ചുവെന്നാണ് കണക്ക്. അത് കൃത്യമാകണമെന്നില്ല. പത്രവാർത്തയെ മാത്രം അടിസ്ഥാനമാക്കുമ്പോൾ ജൂലായ് മാസത്തെ കണക്ക് വച്ച് നോക്കിയാൽ 15 ആളുകൾ മരിച്ചു. ആ സംഖ്യ കൂടിക്കൊണ്ടിരിക്കാൻ സാധ്യതയുണ്ട്. ആരുടെയും കുറ്റമാണെന്നു ഞാൻ പറയുകയില്ല. ഇതുപോലെ ഒരു പുതിയ ഭീഷണിയുമായി വൈറൽ പനി, ഒരു പ്രത്യേകതരം വൈറസ് പുതിയതായി ഉണ്ടായി എന്നു പറയുന്നു, അതിന്റെ ആക്രമണം മൂലം ആളുകൾ പനിക്ക് വിധേയമാകുന്നു പനി പിടിച്ചവർക്ക് ഛർദ്ദിയും ക്ഷീണവും ഉണ്ടാകുന്നു. ഇതെല്ലാം ഉണ്ടായിക്കൊണ്ട് രണ്ടും മൂന്നും ആഴ്ച കിടപ്പിലായി പോകുന്നു. പനി വന്നവരൊക്കെ പറയുന്നു ഈ പനി വന്നു മാറിയാലും സാധാരണഗതിക്ക് ജീവിതം ആരംഭിക്കാൻ വീണ്ടും ആഴ്ചകൾ വേണ്ടിവരുമെന്നാണ്. എനിക്ക് ആ പനി പിടിച്ചതാണ്. ആ പനി മന്ത്രിക്ക് പിടിച്ചെങ്കിൽ മന്ത്രിയും പറയും. ആ പനി മാറിക്കഴിഞ്ഞാലും ആളുകളുടെ ക്ഷീണവും പ്രയാസവും വീണ്ടും നിലനിൽക്കും, ആഴ്ചകളോളം. ഈ പനിയുടെ രൂക്ഷതയെപ്പറ്റി ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ, വൈറൽ പനിയെ പോലെയുള്ള പുതിയ രീതിയിലുള്ള ആക്രമണമുള്ള വൈറസുകൾ വന്നിട്ട് പനിയുടെ ആക്രമണ ഭീഷണി അഴിച്ചുവിടുമ്പോൾ ഗവൺമെന്റ് ആ സ്ഥിതിയെ നേരിടാൻവേണ്ടിയുള്ള സജ്ജമായ നിലയ്ക്കുണ്ടോ എന്ന

LIBRARY ARCHIVES Kerala Legislative Assembly